ശ്രീ. ടി. കെ. നാരായണപിള്ള : നടപ്പിൽ വരുത്തേണ്ടതെന്ന് തോന്നിയിട്ടുള്ള നിർദ്ദേശങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : നടപ്പിൽ വരുത്തേണ്ടെന്ന് തോന്നിയിട്ടുള്ള നിർദ്ദേശങ്ങളും ആ റിപ്പോർട്ടിലുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങനെയുമുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അങ്ങനെയുള്ള നിർദ്ദേശങ്ങൾ ഏതെല്ലാമാണെന്ന് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതു ഓർമ്മയിൽനിന്നും പറയാൻ സാധ്യമല്ല.

Sri. D. Gnanasigamoni : In view of the large volume of opinion in this House that copies of the report must be made available to the members, will the Hon'ble Chief Minister reconsider this matter and see that copies of the report are supplied to us.?

Sri. T. K. Narayana Pillai : The Government have no objection to reconsider the position and if the Government think that republication is necessary, it will be done and copies will be made available to the members.

ശ്രീ. എം ഐ. പാപ്പ : ഈവക റിപ്പോർട്ടുകൾ മ്യൂസിയത്തിൽ കാഴ്ചക്കാർക്ക് കാണുന്നതിലേക്ക് വയ്ക്കുന്നതുപോലെ വയ്ക്കാനുള്ളതാണോ?

Mr. Speaker : That question is objectonable. It is disallowed.

SHIFTING OF THE HIGH COURT

* 887. [2] **Sri. D. Gnanasigamony:** Will the Hon'ble the Chief Minister be pleased to state :—

(*a* whether Government are aware of any proposal to remove the High Court to Trivandrum City ;

(*b*) if so, whether the proposal is on the ground that Ram Mohan Palace is not suitable for the continued location of the High Court there or on other grounds ; and

(*c*) if the answers to (*a*) and (*b*) are in the affirmative the attitude of the Government to this proposal?

Sri. T. K. Narayana Pillai :

(*a*) No.

(*b*) & (*c*) Do not arise.

Sri. D. Gnanasigamony : May I know whether the proposed visit of the Supreme Court judges is in respect of this Matter ?

Sri. T. K. Narayana Pillai : This Government have absolutely no idea about it.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഹൈക്കോടതി എറണാകുളത്തേക്ക് മാറ്റുന്നതിനു ബൂച്ചുകമ്മിറ്റി റിപ്പോർട്ട് സ്വീകരിച്ചിട്ടുണ്ടായിരുന്നോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതു ആ റിപ്പോർട്ട വായിച്ചിട്ടുള്ളവർക്ക് അറിയാവുന്നതാണ്.

ശ്രീ. എ. വി. ജോസഫ് : ഹൈക്കോടതി ഇപ്പോൾ ഇരിക്കുന്ന സ്ഥലത്തുനിന്നും എങ്ങോട്ടെങ്കിലും മാറ്റുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങനെ യാതൊന്നും സർവ്വെന്റിനു അറിവില്ല.

Sri. D. Gnanasigamoni: Is it a fact that this matter is only within the congnizance of the Supreme Court?

Sri. T. K. Narayana Pillai : That is a matter of opinion.

COTTAGE INDUSTRIES

*888. [4]‡ **Sri. N. D. Jose :** Will the Hon'ble Minister for Co-operation be pleased to state :—

(*a*) whether the Government proposes to encourage the development of cottage industries on co-operative lines ; and

(*b*) if so, whether anything has been done so far in this direction ?

Question No. 3 was not put.

‡ This question was put by Sri. K. Ramachandran as the questioner was absent.

LIBRARY ARCHIVES Kerala Legislative Assembly

Minister for Industries, Excise and Local Self Government
[Sri. N. Kunjuraman]:

(*a*) Yes.

(*b*) Government are rendering help to cottage industrialists for the formation and working of co-operative industrial societies.

ഗവമ്മെൻറുത്തരവുകൾ

*വ്യവ്യൻ. (൫) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) കോടതികളിലെ ജഡ്ജ്മെൻറുകൾപോലെ ഗവമ്മെണ്ടുത്തരവുകളും പബ്ലിക്ക് റിക്കാർഡുകൾ അല്ലേ;

(ബി) ഗവമ്മെണ്ടുത്തരവുകളുടെ പകർപ്പുകൾ കൊടുക്കുവാൻ പാടില്ലെന്നും അവ രഹസ്യമായി സൂക്ഷിക്കണമെന്നും ഗവമ്മെണ്ടുത്തരവോ സർക്കുലറോ പുറപ്പെടുവിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ കാരണമെന്തു"?

(സി) ഗവമ്മെണ്ടുത്തരവുകൾ ജനങ്ങളിൽനിന്നു മറച്ചു രഹസ്യമായി സൂക്ഷിക്കണമെന്ന ഗവമ്മെണ്ടിനു് ആഗ്രഹമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) അല്ല. ഗവമ്മെണ്ടുത്തരവുകൾ എക്സിക്യൂട്ടീവു് ഓർഡറുകളോ നിർദ്ദേശങ്ങളോ മാത്രമാണു്.

(ബി) ഇല്ല. ഗവമ്മെണ്ടിനെ ഹാനികരമായി ബാധിക്കയില്ലെന്നു ബോദ്ധ്യപ്പെട്ടന്നപക്ഷം ഗവമ്മെണ്ടുത്തരവുകളുടെ പകർപ്പുകൾ അപേക്ഷകന്മാർക്കു് കൊടുക്കാവുന്നതാണു്; കൊടുത്തുവരുന്നുമുണ്ടു്.

(സി) ജനങ്ങൾക്കു് പൊതുവേ ആവശ്യമായി തോന്നുന്ന ഗവമ്മെണ്ടുത്തരവുകൾ ഗവമ്മെണ്ടു ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ടു്. അവയെ അടിസ്ഥാനപ്പെടുത്തി പ്രസ്സു് നോട്ടുകളും പ്രസിദ്ധപ്പെടുത്താറുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഗവമ്മെണ്ടിനെ ഹാനികരമായി ബാധിക്കുന്ന ഉത്തരവുകൾ ഏതെന്നും അല്ലാത്തവ ഏതെന്നും നിശ്ചയിക്കുന്നതു് ആരാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ഗവമ്മെണ്ടുതന്നെയാണു്.

പ്രമാണങ്ങൾ

*വ്യൻ ൦. (൬) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) രജിസ്റ്റർ കച്ചേരികളിൽ രജിസ്റ്റർ ചെയ്യുന്നതിനു ഹാജരാക്കുന്ന പ്രമാണങ്ങളിൽ കക്ഷികളുടെ ജാതിയും മതവും കാണിച്ചിരിക്കണമെന്നു് നിയമമുണ്ടോ;

(ബി) ആ നിയമം ഭേദപ്പെടുത്തണമെന്നും പ്രമാണങ്ങളിൽ ജാതിയും മതവും കാണിക്കേണ്ടതായ ആവശ്യമില്ലെന്നും കാണിച്ചു ഗവമ്മെണ്ടിലേക്കു നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) അതു സംബന്ധിച്ചു് ഗവമ്മെണ്ടു് വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഉണ്ടു്.

(ബി) ഇല്ല.

(സി) ഉദ്ഭവിക്കുന്നില്ല.

മോണോസൈറ ഫാക്ടറി

*വ്യൻ ൧. (൭) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മോണോസൈറ ഫാക്ടറി സ്ഥാപിക്കുന്നതു് സംബന്ധിച്ചു ഈ ഗവമ്മെണ്ടും ഇൻഡ്യാഗവമ്മെണ്ടും തമ്മിൽ എന്തെങ്കിലും കരാർ ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കരാർ എന്താണെന്നു പറയാൻ ദയവുണ്ടാകുമോ;

(സി) മോണോസൈറ ഫാക്ടറി ഈ സ്റ്റേറ്റിൽ സ്ഥാപിക്കാൻ ആലോചിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly